## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3713 | 20.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അങ്കണവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.എം. നൗഷാദ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സമഗ്ര ശിശു വികസന പരിപാടികളുടെ ഭാഗമായി മാതൃകാ അങ്കണവാടികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) സ്വീകരിച്ചിട്ടുണ്ട്. |
| ബി) കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾക്കാണ് ശ്രദ്ധ നൽകുന്നതെന്ന് അറിയിക്കാമോ; | ബി) മൂന്ന് വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ പ്രീസ്കൂൾ പഠനം, ഭാഷാ വികാസം, വൈജ്ഞാനിക വികാസം, ശാരീരിക ചാലക വികാസം, ക്രിയാത്മക, സർഗ്ഗാത്മക, ആസ്വാദനം എന്നീ വിഷയങ്ങളിലെ വികാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രസ്തുത വികാസ മേഖലകളെ അടിസ്ഥാനമാക്കി ECCE കരിക്കുലം രൂപകല്പന ചെയ്തിട്ടുള്ള 30 തീമുകളെ അടിസ്ഥാനമാക്കിയുള്ള പഠന രീതിയാണ് അങ്കണവാടികളിൽ അവലംബിച്ചു പോകുന്നത്. പ്രീസ്കൂൾ പഠനത്തിനു പുറമെ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി അങ്കണവാടികൾ വഴി അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അങ്കണവാടിയുടെ പുരോഗതിയ്ക്കായി ചുവടെ പറയുന്ന കാര്യങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.<br>പോഷകാഹാര വിതരണം.<br>കളിക്കോപ്പുകൾ/പഠനോപകരണങ്ങൾ വാങ്ങൽ<br>Outdoor equipments വാങ്ങൽ<br>അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |

| | |
|---|---|
| | അങ്കണവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങൽ. |
| ഡി) അങ്കണവാടികളിൽ മികച്ച സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) നടപ്പാക്കിയിട്ടുണ്ട്. അങ്കണവാടികളിൽ മികച്ച സേവനം ഉറപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം, വകുപ്പ് തലത്തിൽ അങ്കണവാടികളെ പൂർണ്ണമായും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി. വകുപ്പിലൂടെ പരിശീലനം ലഭിച്ച സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരടങ്ങുന്ന സ്വതന്ത്രമായ അംഗങ്ങൾ ഉൾപ്പെട്ട ടീം സോഷ്യൽ ഓഡിറ്റ് നടത്തുകയും ചുവടെ പറയുന്ന മേഖലകളിൽ സമഗ്രമായ വിവരശേഖരണം നടത്തുകയുമുണ്ടായി.<br>**<u>1.ഭൗതിക സാഹചര്യം:</u>** അങ്കണവാടി കെട്ടിടം, കുടിവെള്ളം, ടോയിലെറ്റ് മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം, കളിസ്ഥലം, വൈദ്യുതി, ഫർണിച്ചർ, ഗ്യാസ്.<br>**<u>2.സേവനങ്ങൾ:</u>** അനുപൂരക പോഷകാഹാരം, ഭക്ഷ്യസുരക്ഷ സമയക്രമം, പോഷകാഹാരക്കുറവ്.<br>3.ECCE കരിക്കുലം.<br>4.വളർച്ച നിരീക്ഷണം<br>5. ആരോഗ്യ പോഷണ വിദ്യാഭ്യാസം<br>6.രോഗപ്രതിരോധ സേവനം<br>7.ഗുണഭോക്താക്കളിലെ അവബോധം<br>8.വകുപ്പുതല മോണിറ്ററിംഗ്.<br>ഐസിഡിഎസ് പദ്ധതിയിൽ ആദ്യമായി സമഗ്രമായി നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിങ്ങിലൂടെ ലഭിച്ച വിവരങ്ങൾ കേരളത്തിലെ ഐസിഡിഎസ് പദ്ധതിയുടെ ഭാഗമായി നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിശകലനം നടത്തുന്നതിനും ഐസിഡിഎസ് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ